**പതിന്നാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5075** **28/10/2016** ൽ മറുപടിക്ക്

## നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | നായ്ക്കളെ വളർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് വേണമെന്ന് വ്യവസ്ഥ നിലവിലുണ്ടോ; | എ) ഉണ്ട് |
| ബി) | എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് കരസ്ഥമാക്കി മാത്രമേ നായ്ക്കളെ വളർത്തുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; | ബി) 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുബന്ധമല്ലാതെയും യാതൊരാളും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെ വളർത്തുവാനോ, സൂക്ഷിക്കുവാനോ പാടില്ലായെന്ന് ഒരു ഗ്രാമ പഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വളർത്തു നായകൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നായകൾക്ക് എല്ലാ വർഷവും ലൈസൻസ് പുതുക്കുകയും അവയ്ക്ക് പ്രത്യേകമായി കോളറും ടോക്കണും അനുവദിച്ച് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ ലൈസൻസ് നൽകുന്ന രീതി നിലവിലുണ്ട്. |

| | | |
|---|---|---|
| സി) | വളർത്തുനായ്ക്കൾ പ്രായാധിക്യത്താലും, രോഗങ്ങൾ വന്നും അവശരാകുമ്പോൾ അവയെ സംരക്ഷിക്കാൻ തയ്യാറാകാതെ ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി ഉപേക്ഷിക്കുന്നത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | സി) ലൈസൻസ് അനുവദിക്കപ്പെട്ട നായയെ ഉടമസ്ഥൻ തന്റെ പരിസരത്ത് തന്നെ വളർത്തേണ്ടതും അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതു അപ്രകാരം ലൈസൻസിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്. ലൈസൻസ് നൽകുന്നതോടെ അതിന്റെ സൂചനയ്ക്കായി മുദ്രണം ചെയ്ത ഒരു മെറ്റൽ ടോക്കൺ സെക്രട്ടറി മൃഗത്തിന്റെ ഉടമസ്ഥന് നൽകേണ്ടതും അത് നായയുടെ കഴുത്തിൽ കെട്ടി സൂക്ഷിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ